# NFPE - BSNLEU

**P&T HOUSE, THIRUVANANTHAPURAM-695 001**

## സെപ്തംബർ 19
## ഐതിഹാസിക സമരത്തിന്റെ 50-ാം വാർഷികം

സഖാക്കളെ,

ഇന്ത്യൻ തൊഴിലാളിവർഗ്ഗ സമരചരിത്രത്തിൽ ഉജ്ജ്വലമായ അദ്ധ്യായം എഴുതി ചേർത്ത 1968 സെപ്തംബർ 19 ന്റെ പണിമുടക്കം നടന്നിട്ട് 50 വർഷം പൂർത്തിയാവുകയാണ്. ജീവിക്കാനാവശ്യമായ വേതനം (Need Base Minimum Wages) എന്ന മുഖ്യ ഡിമാന്റുയർത്തി നടന്ന ഈ പണിമുടക്കിൽ കമ്പിത്തപാൽ തൊഴിലാളി പ്രസ്ഥാനം നേതൃത്വപരമായ പങ്കാണ് നിർവ്വഹിച്ചത്. 17 സഖാക്കളാണ് ഈ പണിമുടക്കിനോടനുബന്ധിച്ച് ധീരരക്തസാക്ഷിത്വം വഹിച്ചത്. പതിനായിരക്കണക്കിന് ജീവനക്കാരാണ് വിവിധ ശിക്ഷാ നടപടികൾക്ക് വിധേയരായത്. കരിനിയമങ്ങൾ പടച്ചുവിട്ടുകൊണ്ട് ആയിരക്കണക്കിന് നേതാക്കളേയും പ്രവർത്തകരേയും കൽതുറുങ്കിലടക്കുകയും ഭീകരമായ മർദ്ദനം അഴിച്ചുവിടുകയും ചെയ്തു. കേരളത്തിൽ സഖാവ് ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മന്ത്രിസഭയായിരുന്നു അധികാരത്തിൽ. ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ തിട്ടൂരങ്ങൾക്ക് വഴങ്ങാതെ ന്യായമായ ആവശ്യങ്ങളുന്നയിച്ച് അവകാശ സമരത്തിലേർപ്പെട്ട തൊഴിലാളികളെ സഹായിക്കുന്ന നിലപാടാണ് കേരള സർക്കാർ സ്വീകരിച്ചത്. തങ്ങൾ പറഞ്ഞതനുസരിച്ചില്ലെങ്കിൽ മന്ത്രിസഭയെ തന്നെ പിരിച്ചുവിടുമെന്ന ഭീഷണി കേരളത്തിലെ ഇടതുപക്ഷ സർക്കാർ തള്ളിക്കളഞ്ഞു. ഈ സാഹചര്യത്തിൽ പോലീസ് മർദ്ദനത്തിനും അതിക്രമങ്ങൾക്കും കേരളത്തിലെ സഖാക്കൾ വിധേയരാവേണ്ടി വന്നില്ല. എന്നാൽ കേരളത്തിലെ സഖാക്കൾക്കുനേരെയും കടുത്ത ശിക്ഷാ നടപടികളാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം വകുപ്പ് മേധാവികൾ സ്വീകരിച്ചത്. കമ്പിത്തപാൽ തൊഴിലാളി പ്രസ്ഥാനത്തിന്റെയും കേന്ദ്രസർക്കാർ ജീവനക്കാരുടേയും എക്കാലത്തേയും സമരാദ്ധ്യനായ നേതാവ് സ.എൻ.പി.പത്മനാഭന് 10 വർഷം സർവ്വീസിൽ നിന്നും പുറത്തിരിക്കേണ്ടിവന്നു. നിരവധി സഖാക്കളുടെ പേരിൽ ചാർജ്ഷീറ്റുകൾ, ട്രാൻസ്ഫറുകൾ, കള്ളക്കേസുകൾ തുടങ്ങി അന്യായമായ ശിക്ഷാ നടപടികൾ അടിച്ചേൽപ്പിച്ചു. കമ്പിത്തപാൽ തൊഴിലാളികളുടെ ഐക്യപ്രസ്ഥാനമായ എൻ.എഫ്.പി.ടി.ഇ.യിൽ ഭിന്നിപ്പുണ്ടാക്കി. പിന്തിരിപ്പൻ ശക്തികളുടെ സഹായത്തോടെ പണിമുടക്കിനെ തകർക്കുന്നതിനായാണ് എഫ്.എൻ.പി.ടി.ഒ. എന്ന സംഘടനക്ക് 1968 ലെ സമരത്തെ തുടർന്ന് രൂപം നൽകിയത്. ഇതിനായി ഭരണാധികാരികൾ എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. എന്നാൽ എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് നമ്മുടെ പ്രസ്ഥാനം മുന്നോട്ടുപോയി.

Scanned by CamScanner

ജനവിരുദ്ധ തൊഴിലാളിവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ട് നമ്മുടെ അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുന്ന മോഡി സർക്കാരിന്റെ നയത്തിനെതിരായ സമരം കരുത്താർജ്ജിക്കുന്ന സന്ദർഭത്തിലാണ് 1968 സെപ്തംബർ 19 ന്റെ 50–ാം വാർഷികം കടന്നുവരുന്നത്. ജീവനക്കാരും പെൻഷൻകാരും പൊതു പ്രക്ഷോഭത്തിൽ അണിനിരക്കുന്നതോടൊപ്പം തങ്ങളുടെ അവകാശ സംരക്ഷണത്തിനായുള്ള പോരാട്ടത്തിന്റെ പാതയിലുമാണ്. ഐക്യം ഊന്നിയുറപ്പിച്ച് നമ്മുടെ പ്രക്ഷോഭങ്ങൾക്ക് കൂടുതൽ ശക്തി പകരേണ്ട അവസരമാണിത്. ധീരരക്തസാക്ഷികളുടെ ജ്വലിക്കുന്ന സ്മരണകൾ നമുക്ക് ആവേശം പകരുന്നതാണ്. **സെപ്തംബർ 19 ദിനാചരണം എല്ലാ ജില്ലകളിലും വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ, എ.ഐ.ബി.ഡി.പി.എ., എ.ഐ.പി.ആർ.പി.എ., സി.ജി.പി.എ. എന്നീ സംഘടനകളുടെ ജില്ലാ കമ്മിറ്റികളുമായി മുൻകൂട്ടി ആലോചിച്ച് സംയുക്തമായാണ് പരിപാടികൾ നടത്തേണ്ടത്.** ഇതിനായി ജില്ലാതലത്തിൽ സംയുക്തമായി സംഘാടകസമിതികൾ രൂപീകരിക്കുക. രക്തസാക്ഷി അനുസ്മരണം, 1968 ലെ പണിമുടക്കിൽ പങ്കെടുത്തവരെ ആദരിക്കൽ, പഴയകാല നേതാക്കളുടെ സംഗമം, പുതുതലമുറയിലെ സഖാക്കളുടെ ഒത്തുചേരൽ എന്നിങ്ങനെ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ വേണം 50–ാം വാർഷികം സംഘടിപ്പിക്കാൻ.

അഭിവാദനങ്ങളോടെ,

**പി.കെ. മുരളീധരൻ,**
സംസ്ഥാന കൺവീനർ
എൻ.എഫ്.പി.ഇ.

**സന്തോഷ്കുമാർ. സി.**
സർക്കിൾ സെക്രട്ടറി
ബി.എസ്.എൻ.എൽ.ഇ.യു.

Scanned by CamScanner